# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3027 — 15.02.2013 ന് മറുപടിയ്ക്ക്

### തസ്തികകൾ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. അജിത് | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിലെ ചില തസ്തികകളിൽ തുടർച്ചാനുമതിയില്ലാത്തതിന്റെ പേരിൽ ജീവനക്കാരുടെ ശമ്പളം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വർഷങ്ങളായി ഈ അവസ്ഥ തുടർന്നുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (ബി) റവന്യൂ വകുപ്പിലെ തുടർച്ചാനുമതി ഇല്ലാത്ത എല്ലാ തസ്തികകൾക്കും 31.08.2012 വരെ തുടർച്ചാനുമതി നൽകിയിട്ടുണ്ട്. |
| (സി) അഞ്ചു വർഷമായി തുടരുന്ന തസ്തികകൾ സ്ഥിരപ്പെടുത്താൻ നിലവിൽ നിയമം ഉണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (സി), (ഡി) & (ഇ) സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കൽ, ഭൂമി പതിവ്, ഭൂപരിഷ്ക്കരണം, റവന്യൂ റിക്കവറി, എന്നീ വിവിധ ആവശ്യങ്ങൾക്ക് താത്ക്കാലികമായി ഓഫീസുകളും ഓഫീസുകളുടെ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകളും സൃഷ്ടിക്കപ്പെടാറുണ്ട്. അവയുടെ പ്രവർത്തനോദ്ദേശ്യം പൂർത്തീകരിച്ച് കഴിഞ്ഞാൽ പ്രസ്തുത തസ്തികകൾ തുടരേണ്ട ആവശ്യമില്ല. ചില പ്രത്യേക അവസരങ്ങളിൽ ഇത്തരം ഓഫീസുകളുടെ പ്രവർത്തന കാലാവധി 5 വർഷം കഴിഞ്ഞും ദീർഘിപ്പിക്കാറുണ്ട്. പ്രവർത്തനോദ്ദേശ്യം പൂർത്തീകരിച്ച് കഴിഞ്ഞാൽ ഇത്തരം ഓഫീസുകളിലെ പ്രസ്തുത തസ്തികകൾക്ക് പ്രസക്തിയില്ലാതാകുന്നു. മേൽ സാഹചര്യത്തിൽ ടി തസ്തികകൾ 5 വർഷം കഴിഞ്ഞെന്ന കാരണത്താൽ സ്ഥിരപ്പെടുത്താൻ കഴിയുകയില്ല. എന്നിരുന്നാലും നിർവ്വഹിക്കപ്പെടുന്ന ജോലികളുടെ പുരോഗതി വിലയിരുത്തി അത്യാവശ്യം വേണ്ട ഇത്തരം തസ്തികകൾക്ക് വർഷാവർഷം ധനകാര്യ വകുപ്പിന്റെ അനുമതിയോടെ തുടർച്ചാനുമതി നൽകി വരുന്നു. |
| (ഡി) ഉണ്ടെങ്കിൽ റവന്യൂ വകുപ്പിലെ ഇത്തരം തസ്തികകൾ സ്ഥിരപ്പെടുത്താതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | |
| (ഇ) പ്രസ്തുത തസ്തികകൾ സ്ഥിരപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ